നഗരങ്ങളിൽ ജലവിതരണം നടത്തുന്ന സ്വകാര്യ ഏജൻസികൾ

82 [2692] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ജലവിതരണം നടത്തുന്ന സ്വകാര്യ ഏജൻസികൾ/വ്യക്തികൾ ഉപഭോക്താക്കളിൽ നിന്നും അമിതമായ വില ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റി മുഖേന അല്ലാതെ ജലവിതരണം നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) അമിത വില ഈടാക്കി വെള്ളം കച്ചവടം ചെയ്യുന്ന ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സ്വകാര്യ ഏജൻസികൾ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) അങ്ങനെയുള്ള വാർത്ത മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) വാട്ടർ അതോറിറ്റിയിൽ നിന്നും കൊടുക്കുന്ന വെള്ളം ഉദ്ദേശത്തിന് വിരുദ്ധമായി അമിത വിലയ്ക്ക് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പൊതുതാൽപര്യം മാനിച്ച് ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ വാട്ടർ അതോറിറ്റി വെള്ളം കൊടുക്കുന്നുണ്ട്. ആശുപത്രികൾ, ഹോട്ടലുകൾ മുതലായ സ്ഥാപനങ്ങൾക്കും വാട്ടർ അതോറിറ്റിയിൽ മുൻകൂർ പണം അടച്ച് ടോക്കൺ എടുക്കുന്നവർക്കും ടാങ്കർ ലോറികളിൽ ജലം വിതരണം ചെയ്യാറുണ്ട്. ഈ വെള്ളത്തിന് ജല അതോറിറ്റി ഗുണമേൻമ ഉറപ്പ് വരുത്താറുണ്ട്. എന്നാൽ സ്വകാര്യ ഏജൻസികൾ മറ്റ് സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണമേൻമ ഉറപ്പാക്കുവാൻ ജല അതോറിറ്റിക്ക് ഇപ്പോൾ സംവിധാനമില്ല.

കുടിവെള്ള രംഗത്ത് സ്വകാര്യ പങ്കാളിത്തം

83 [2693] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, എം. പ്രകാശൻ മാസ്റ്റർ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള രംഗത്ത് സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നത് ഈ സർക്കാരിന്റെ നയമാണോ;

LIBRARY ARCHIVES Kerala Legislative Assembly